# എ.ബി.സി പബ്ലിക് സ്കൂളിലെ വിദ്യാർഥി

അമീൻ അഹ്സൻ കൂട്ടിലങ്ങാടി

വറ്റിവരണ്ട മണ്ട
വീർത്തുപൊന്തിയ തല
തിമിരമാർന്ന കണ്ണുകൾ
കിച് കിച് നിറഞ്ഞ ശബ്ദം
ചലനമറ്റ കൈകൾ
കനം തൂങ്ങിയ കാലുകൾ
ആരാ.. ?
വിദ്യാർഥി
എവിടുന്നാ.. ?
എ.ബി.സി പബ്ലിക് സ്കൂൾ
പുത്തൻ ഗവേഷണ വിഷയത്തിനു മുന്നിൽ
ഭിഷഗ്വരന്റെ മന്ദഹാസം.

# ഹൃദയം

മുഫീദ. ടി
ദാറുൽ ഫലാഹ് ഇംഗ്ലീഷ് സ്കൂൾ പൂഷലം

ആയുസ്സിന്റെ പാതിയും
നാം ഉറങ്ങുമ്പോൾ ഉണർന്നിരിക്കുന്നു
ദൗത്യം മറന്ന് ആലസ്യങ്ങളിൽ
നാം സുഖം തേടുമ്പോഴും,
അതിരുകൾക്കപ്പുറത്തേക്ക്
ചിന്തകൾ പറന്നുയരുമ്പോഴും
സിരകൾക്ക് ചൂടും ചോരയും
പകർന്ന് ജീവന് കൂട്ടിരിക്കുന്നു ■



## പുസ്തകപ്പുര

പുസ്തകപ്പുരയിലേക്കുള്ള
പുസ്തകങ്ങൾ മൂന്ന്
കോപ്പി വീതം അയക്കുക.

**വിലാസം**
പുസ്തകപ്പുര, പ്രബോധനം വാരിക
സിൽവർ ഹിൽസ്, കോഴിക്കോട്-12

## ഓർമപ്പുസ്തകം

ആകാശങ്ങളിലേക്കിങ്ങനെ ചില്ലകളായി പടർന്ന് പന്തലിക്കാൻ മാത്രം നമുക്ക് വെള്ളവും വളവും നൽകിയത് മുൻഗാമികളാണ്. അവർ കഷ്ടം സഹിച്ച് മറികടന്ന കടലും കായലുകളുമെത്രയാണ്. വിപ്ലവത്തിന്റെ വിയർപ്പു വറ്റാതെ സ്രഷ്ടാവിലേക്ക് യാത്രയായ, ശാന്തപുരത്തിന്റെ ഗുരുവര്യന്മാരെക്കുറിച്ചുള്ള ഓർമകളാണ് അബൂദർറ് എടയൂരും ശമീം ചൂനൂരും എഡിറ്റ് ചെയ്ത 'ശാന്തപുരം, ഗുരുവര്യന്മാരുടെ ഓർമപ്പുസ്തകം.'




തലമുറകൾ മാറിമാറി വരുമ്പോൾ പിന്മുറക്കാർ മുൻഗാമികളെ വിസ്മരിച്ചു പോകുന്നു. വിസ്മൃതിയിൽനിന്ന് മുക്തി നേടാനുള്ള മാർഗം പാദമുദ്രകൾ അവശേഷിപ്പിക്കുകയും സൽകീർത്തി നിലനിറുത്തുകയുമാണ്. അതിനുള്ള എളിയ ശ്രമമാണീ പുസ്തകമെന്ന് ആമുഖത്തിൽ ഹൈദരലി ശാന്തപുരം. പ്രസാധനം: അലുംനി അൽജാമിഅ ചാപ്റ്റർ, വില: 80 രൂപ.

## ചരിത്രമുറങ്ങുന്ന പൊന്നാനി

വളരെ ചരിത്രം വഹിക്കുന്ന ദേശമാണ് പൊന്നാനി. പക്ഷേ, അതേപ്പറ്റി പഠനങ്ങൾ കുറച്ചേ നടന്നിട്ടുള്ളൂ. എത്രയോ എഴുത്തുകാരെയും സംഗീതജ്ഞരെയും കലാകാരന്മാരെയും

# എല്ലാം പെട്ടെന്ന്

◗ രാഹുൽ കണ്ണൻമൂല

സൂര്യചന്ദ്രൻമാർ ഇന്നലെ
വിവാഹിതരായി
പകലും രാത്രിയും
വേർപിരിഞ്ഞു
പാവം മിന്നാമിനുങ്ങുകൾ
മാത്രം അനാഥരായി.



# കണ്ണാടി

◗ അഫ്സൽ കാരക്കാട്
അൽജാമിഅ അൽ ഇസ്‌ലാമിയ്യ ശാന്തപുരം

ഞാൻ ഒരു കണ്ണാടി
എന്നിലൂടെ എത്ര പേരാണ്
ജീവിതം മിനുക്കി ചീകുന്നത്
ഞാനോ കാണാൻ പറ്റാത്ത രൂപത്തിൽ
മറ്റുള്ളവരുടെ സന്തോഷത്തിലങ്ങനെ.. ■

ഈ നാട് സംഭാവന ചെയ്തിരിക്കുന്നു. ദേശീയ നേതാക്കളടക്കം നിരവധി മഹാന്മാർ പല കാലങ്ങളായി ഇവിടെ വന്നു. പല നേതാക്കളും ഇവിടെ പിറന്നു. വിവിധ സംസ്കാരങ്ങളെ എങ്ങനെയാണ് ഈ തുറമുഖ നഗരം സമന്വയിപ്പിച്ചതെന്നും ജാതി മത ദേശങ്ങൾക്കതീതമായി എങ്ങനെയാണ് സൗഹൃദം കെട്ടിപ്പടുത്തതെന്നും വിവരിക്കുന്ന ഗ്രന്ഥമാണ് ടി.വി അബ്ദുർറഹ്മാൻ കുട്ടിയുടെ 'ചരിത്രമുറങ്ങുന്ന പൊന്നാനി.' സാമൂതിരിയുടെ രണ്ടാം തലസ്ഥാനമായും വ്യാപാരത്തിന്റെ കേദാരമായും എങ്ങനെയാണ് പൊന്നാനി പരിലസിച്ചതെന്ന് സ്പഷ്ടമായി പറയുന്നു ഈ പുസ്തകം. പ്രസാധനം: അശ്റഫി ബുക് സെന്റർ. വില 40 രൂപ.




## പ്രാർഥനകൾ

പ്രാർഥനക്ക് ഇസ്‌ലാമിൽ വളരെ പ്രാധാന്യമുണ്ട്. 'പ്രാർഥനയാണ് ഇബാദത്ത്', 'പ്രാർഥന ഇബാദത്തിന്റെ മജ്ജ' എന്നൊക്കെയാണ് അതിനെക്കുറിച്ച് നബി(സ) പരിചയപ്പെടുത്തിയത്. പ്രാർഥനകളും ദിക്റുകളും നമ്മെ അല്ലാഹുവിലേക്ക് കൂടുതൽ അടുപ്പിക്കുകയും അവന്റെ ഓർമകൾ മനസ്സിൽ സദാ സജീവമായി നിലനിർത്തുകയും ചെയ്യുന്നു. ഖുർആനിൽ നിന്നും ഹദീസിൽ നിന്നും തെരഞ്ഞെടുത്ത പ്രാർഥനകളും ദിക്റുകളും അവയുടെ തർജമയുമാണ് മുഹമ്മദ് ശമീം ഉമരിയുടെ 'പ്രാർഥനകൾ' എന്ന പുസ്തകത്തിൽ. പ്രസാധനം: ഗസ്സാലി ബുക്സ്. വില 100 രൂപ.




Vol. No: 70 Issue No. 34 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla